"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :*362 — 24.06.2019 ൽ മറുപടിയ്ക്ക്

## ഗ്രീൻ ഇൻഡ്യ മിഷൻ

| ചോദ്യം<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.ഒ.ആർ.കേളു | | ഉത്തരം<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | അഗസ്ത്യവനം ഉൾപ്പെടെയുള്ള വനമേഖലകളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കുമോ ; | (എ) | അഗസ്ത്യവനം ഉൾപ്പെടുന്ന നെയ്യാർ വന്യജീവി സങ്കേതം അടക്കമുള്ള സംരക്ഷിത വനമേഖലകളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>1. വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിപാലനത്തിനായി "ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)"<br>2. കടുവകളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി **" പ്രോജക്ട് ടൈഗർ "**<br>3. ബയോസ്ഫിയർ റിസർവ്വിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെയും വനാതിർത്തിയിലുള്ള വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി |

| | | | |
|---|---|---|---|
| | | | **"അഗസ്ത്യമല ബയോസ്ഫിയർ റിസർവ്". "നീലഗിരി ബയോസ്ഫിയർ റിസർവ്വ്"** എന്നീ പദ്ധതികൾ<br>4. കേരളത്തിലെ 4 എലിഫന്റ് റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി **"പ്രോജക്ട് എലിഫന്റ്"**<br><br>കൂടാതെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (CBD) പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ, കണ്ടൽ കാടുകളുടെയും കാവുകളുടെയും സംരക്ഷണം, അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യൽ എന്നിവ നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | വനാശ്രിത സമൂഹങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം വനശോഷണം ഒഴിവാക്കുന്നതിന് ഗ്രീൻ ഇന്ത്യ മിഷൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി - അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും , പ്രകൃതി സൗഹൃദ പദ്ധതികൾ, പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവും ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തിനായുള്ള പ്രവർത്തനങ്ങൾ, ജൈവവൈവിധ്യം,, ജലം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിത വത് ക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കി വരുന്നത്. |
| (സി) | വന്യജീവി സംയോജിത വികസന പരിപാടികളായ പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ, തുടങ്ങിയവ വന്യജീവികളുടെ ആവാസവ്യവസ്ഥാപരിപാലനത്തിനും നിരന്തരം ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കുന്നതിനും എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ ; | (സി) | കടുവകളുടെ സംരക്ഷണത്തിനായി 1973-ൽ ആരംഭിച്ച 'പ്രോജക്ട് ടൈഗർ', കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി 1992 ൽ ആരംഭിച്ച 'പ്രോജക്ട് എലിഫന്റ്', ഇൻറഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) -പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ എന്നീ പദ്ധതികളിലൂടെ മൃഗവേട്ട തടയുന്നതിനുള്ള പരിപാടികൾ, ആവാസ വ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം, കടുവകളുടെയും ആനകളുടെയും |

കണക്കെടുപ്പ്, മണ്ണ്-ജല സംരക്ഷണം, മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ആനകളുടെയും കടുവകളുടെയും ആവാസ വ്യവസ്ഥകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ പ്രസ്തുത പദ്ധതികളിൽ ( കേന്ദ്ര വിഹിതം ഉൾപ്പെടെ) അനുവദിച്ച തുക ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച തുക(ലക്ഷത്തിൽ) |
|---|---|
| ഇൻറഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ | 521.32 |
| പ്രോജക്ട് ടൈഗർ- പറമ്പിക്കുളം | 550.21 |
| പ്രോജക്ട് ടൈഗർ - പെരിയാർ | 695.50 |
| പ്രോജക്ട് എലിഫന്റ് | 695.84 |

പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി മനുഷ്യ-മൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രോജക്ട് എലിഫന്റ്, ഇൻറഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് - ഔട്ട് സൈഡ്

| | | | |
|---|---|---|---|
| | | | പ്രൊട്ടക്ടഡ് ഏരിയ എന്നീ പദ്ധതികളിലൂടെ വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നു.<br>2. ഇൻറഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് - ഔട്ട് സൈഡ് പ്രൊട്ടക്ടഡ് ഏരിയ പദ്ധതിയിലൂടെ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ ശാക്തീകരണം.<br>3. കൊട്ടിയൂർ-പേരിയ ആനത്താരകൾ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രോജക്ട് എലിഫന്റ് സ്കീമിൽ 600 ലക്ഷം രൂപ അനുവദിയ്ക്കുകയും ഇതിൽ 295 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 29.592 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.<br>4. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ, വയനാട് വന്യജീവി സങ്കേതത്തിൽ നടന്നുവരുന്നു. നാളിതുവരെ 339 കുടുംബങ്ങളെ വനത്തിനകത്തുനിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ